**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1187** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ബദൽ സ്കൂളുകളും ഏകാധ്യാപക വിദ്യാലയങ്ങളും എൽ.പി. സ്കൂളുകളായി ഉയർത്തുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൊതുവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ബദൽ സ്കൂളുകളും ഏകാധ്യാപക വിദ്യാലയങ്ങളും എൽ.പി. സ്കൂളുകളായി ഉയർത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ബി)** എങ്കിൽ എത്ര സ്കൂളുകളാണ് ഇത്തരത്തിൽ ഉയർത്തപ്പെട്ടത്; പേര് വിവരം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 17.09.2026-ലെ സ.ഉ (കൈ) നം. 147/2026/GEDN ഉത്തരവ് പ്രകാരം സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പ്രവർത്തിച്ച് കൊണ്ടിരുന്ന എം.ജി.എൽ.സി. കളായ മലപ്പുറം ജില്ലയിലെ മേൽമുറി, അരിമംഗലം, കാളംതിരുത്തി, അരിമണൽ, തരികുളം, ഇടുക്കി ജില്ലയിലെ കുറത്തിക്കുടി, കാസറഗോഡ് ജില്ലയിലെ ആലൂർ, കണ്ണൂർ ജില്ലയിലെ കാലാങ്കി എന്നീ 8 എം.ജി.എൽ.സി.-കൾ, 2026-27 അദ്ധ്യയന വർഷം മുതൽ എൽ.പി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** എന്തെല്ലാം പ്രധാന മാറ്റങ്ങളാണ് ഇതിലൂടെ സ്കൂളുകളിലുണ്ടാവുക എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

**<u>മറുപടി:</u>** എം. ജി. എൽ. സി. കളിൽ എൽ. പി. സ്കൂളുകൾ ആയി ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അധ്യയന സൗകര്യങ്ങളും തയ്യാറാക്കണമെന്ന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എൽ. പി. സ്കൂളാക്കി ഉയർത്തിയത് മൂലം കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്ന രീതിയുള്ള ഗുണമേന്മയുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**